/66894/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക. ജി IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് – 2022-23 വർഷത്തെ ഇൻസർവീസ് ട്രെയിനിംഗ്- ട്രെയിനിംഗ് ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് ജില്ലാ വനിതാശിശു വികസന ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം: 2022-23 വർഷത്തെ ഇൻസർവീസ് ട്രെയിനിംഗ്

**ഉത്തരവ് നം. ICDS.B.8/1022/2022 തീയതി: 15-11-2022**

വനിതാശിശു വികസന വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കുമുള്ള ഇൻസർവീസ് ട്രെയിനിംഗ് 15.11.2022 മുതൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലകളിൽ വച്ചാണ് ട്രെയിനിംഗ് സംഘടിപ്പിക്കുന്നത്. Centre for Management Development (CMD) മുഖേനയാണ് ഈ വർഷത്തെ ട്രെയിനിംഗ് സംഘടിപ്പിക്കുന്നത്. തിരുവനന്തപുരം മേഖലയിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എന്നീ ജില്ലകളിലേയും എറണാകുളം മേഖലയിൽ കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലേയും കോഴിക്കോട് മേഖലയിൽ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളിലേയും ജീവനക്കാർ ആണ് ഉൾപ്പെടുന്നത്. മേൽ മൂന്ന് മേഖലകളിലായി 15 ബാച്ച് ട്രെയിനിംഗ് ആണ് ഈ വർഷം സംഘടിപ്പിക്കുന്നത്.

ഈ സാഹചര്യത്തിൽ 15.11.2022 ന് ആരംഭിക്കുന്ന ഇൻസർവീസ് ട്രെയിനിംഗ് CMD യുമായി ചേർന്ന് ഏകോപിപ്പിക്കുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലാ വനിതാശിശു വികസന ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ചുമതല നല്കപ്പെട്ടിട്ടുള്ള ജില്ലാ വനിതശിശുവികസന ഓഫീസർമാർ CMD യുമായി ചേർന്ന് ട്രെയിനിംഗ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്. ട്രെയിനിംഗ് നടക്കുന്ന തീയതി, ട്രെയിനിംഗ് നടക്കുന്ന സ്ഥലം, നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ ലിസ്റ്റ് എന്നിവ അതാത് സമയത്തെ ഉത്തരവുകളിലൂടെ അറിയിക്കുന്നതാണ്. ട്രെയിനിംഗ് നടക്കുന്ന വേളയിൽ ടി ജില്ലാ വനിതശിശുവികസന ഓഫീസർമാർ കുറഞ്ഞത് രണ്ട് ട്രെയിനിംഗ് സെഷനുകൾ എങ്കിലും സന്ദർശിച്ച് ക്ലാസ്സുകളുടെ ഗുണനിലവാരം പരിശോധിക്കേണ്ടതും ഓരോ ബാച്ച് ട്രെയിനിംഗ് കഴിയുമ്പോഴും പ്രസ്തുത ട്രെയിനിംഗ് സംബന്ധിച്ച റിപ്പോർട്ട് ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. ട്രെയിനിംഗ് സംബന്ധിച്ച അന്വേഷണങ്ങൾക്ക് CMD Training Development Executive നെ 9496217597 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ട്രെയിനിംഗിന് നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ പങ്കാളിത്തം എല്ലാ ജില്ലാ വനിതശിശുവികസന ഓഫീസർമാരും ഉറപ്പാക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

ജില്ലാ വനിതാശിശു വികസന ഓഫീസർ

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്

പകർപ്പ് :

1. മറ്റ് ജില്ലാ വനിതാശിശു വികസന ഓഫീസർമാർക്ക് (അറിവിലേക്കായി)
2. എല്ലാ യൂണിറ്റ് ഓഫീസർമാർക്കും

/66894/2022

3. ഡയറക്ടറുടെ സി.എ
4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Signed by Priyanka G
Date: 15-11-2022 21:27:15